**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2877** **03-08-2021 - ൽ മറുപടിയ്ക്ക്**

**ബഡ്സ് സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എത്ര ബഡ്സ് സ്കൂളുകളാണ് ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; ബഡ്സ് സ്കൂളുകൾ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ 177 ബഡ്സ് സ്കൂളുകളാണ് നിലവിൽ പ്രവർത്തിക്കുന്നത്. ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ ജില്ലാ മിഷൻ വഴി കുടുംബശ്രീ സംസ്ഥാന മിഷനിൽ അപേക്ഷ സമർപ്പിക്കുകയും, കുടുംബശ്രീ ആവശ്യമായ ഭരണാനുമതി സർക്കാരിൽ നിന്നും ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ 29/07/2009-ലെ സ.ഉ.(എം.എസ്) നം.148/2009/ തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.(ANNEXURE-1) |
| (ബി) | ബഡ്സ് സ്കൂളുകളിലെ തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകളെന്തെല്ലാമാണ്; പ്രസ്തുത യോഗ്യതകൾ ഉള്ള ആളുകൾ തന്നെയാണോ നിലവിൽ പ്രസ്തുത സ്കൂളുകളിലെ തസ്തികകൾ കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 29/07/2009-ലെ സ.ഉ.(കൈ) നം.148/2009/ തസ്വഭവ പ്രകാരം Rehabilitation Council of India (RCI) യുടെ അംഗീകൃത പരിശീലനം സിദ്ധിച്ച അദ്ധ്യാപകരാണ് ബഡ്സ് സ്കൂളിൽ ഉണ്ടായിരിക്കേണ്ടത്. ബഡ്സ് സ്കൂളിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ യോഗ്യതകൾ 07/02/2018ലെ സ.ഉ.(എം.എസ്)നം. 20/2018/ തസ്വഭവ പ്രകാരം നിർണ്ണയിച്ചിട്ടുണ്ട്. ആയത് പ്രകാരം D.Ed Special (Autism Spectrum disorder), Diploma in Early Childhood Special Education (DECSE), (Mental Retardation), D.Ed Special Education (Cerebral Palsy), D.Ed Special Education (Hearing Impairement), D.Ed Special Education (Visual impairment) Diploma in Community Based Rehabilitation, Diploma in Vocation Rehabilitation എന്നിവയാണ്. നിലവിൽ 314 അദ്ധ്യാപകരാണ് ബഡ്സ് സ്കൂളിൽ സേവനം അനുഷ്ഠിക്കുന്നത്. ഇതിൽ 249 പേരും നിശ്ചയിച്ചിട്ടുള്ള യോഗ്യത ഉള്ളവരാണ്. ശേഷിച്ച 65 |

| | | | |
|---|---|---|---|
| | | | പേർ നിശ്ചിത യോഗ്യത ഇല്ലാതെ അസിസ്റ്റന്റ് ടീച്ചർ വിത്തൗട്ട് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾ ഫോർ ദി ഹാൻഡികാപ്പ്ഡ് വിഭാഗത്തിൽ സ.ഉ.(എം.എസ്) നം.20/2018/തസ്വഭവ, തീയതി 07/02/2018 പ്രകാരം സേവനം അനുഷ്ഠിച്ചു വരുന്നു. മേൽ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 -ആയി ചേർക്കുന്നു. (ANNEXURE-2) |
| (സി) | കൂടുതൽ മേഖലകളിൽ ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടുതൽ ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ബഡ്സ്/ബിആർസി സ്ഥാപനങ്ങളുടെ നിലവിലെ മാർഗ്ഗരേഖകൾക്കൊപ്പം പൊതുവായി ബാധകമാകുന്ന നിബന്ധനകൾ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(എം.എസ്) നം.20/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 07/02/2018**

---

പരാമർശം:-1) 24.07.2017 ലെ സ.ഉ. (എം.എസ്) നം. 183/2017/തസ്വഭവ ഉത്തരവ്

2) 29.07.2017 ലെ സ.ഉ.(എം.എസ്)148/09/തസ്വഭവ ഉത്തരവ്

3) 06.04.2013 ലെ സ.ഉ.(കൈ)നം.144/13/തസ്വഭവ ഉത്തരവ്

4) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.06.2017 ലെ 4112/L/2012/KSHO നമ്പർ കത്ത്

## ഉത്തരവ്

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്തുകൾക്ക് ബഡ്സ് സ്പെഷ്യൽ സ്കൂൾ മാതൃകയിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക സ്കൂൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്തുന്നതിന് അനുമതി നല്കിക്കൊണ്ടും പരാമർശം (2) സർക്കാർ ഉത്തരവു പ്രകാരം ബഡ്സ് സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും ജില്ലാതല ഉപദേശകസമിതി രൂപീകരിച്ചുകൊണ്ടും പരാമർശം സർക്കാർ ഉത്തരവ് (3) പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിലെ മാർഗ്ഗരേഖക്കൊപ്പം പൊതുവായി ബാധകമാവുന്ന ചില നിബന്ധനകൾ കൂടി ഉൾപ്പെടുത്തുന്നതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) കത്തു മുഖേന സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ടി നിബന്ധനകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽപരാമർശം (2), (3) സർക്കാർ ഉത്തരവുകളിലെ മാർഗ്ഗരേഖകൾ നിലനിൽക്കുന്നതാണ്. അതോടൊപ്പം ബഡ്സ്/ബിആർസി സ്ഥാപനങ്ങൾക്ക് പൊതുവായി ബാധകമാവുന്ന താഴെപ്പറയുന്ന നിബന്ധനകൾ കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബഡ്സ് സ്കൂളും ബഡ്സ് പുനരധിവാസ കേന്ദ്രവും ആരംഭിക്കാവുന്നതാണ്. ഒരു കേന്ദ്രം ആരംഭിക്കുമ്പോൾ അവയിൽ അടിസ്ഥാന സൗകര്യങ്ങളായ ഓഡിയോളജി മുറി, ക്ലാസ്സ് മുറികൾ, ഫിസിയോതെറാപ്പി മുറി, ശുചി മുറികൾ, ഒക്കുപേഷണൽ തെറാപ്പി & കൗൺസിലിംഗ് മുറി, ഓഫീസ് മുറി, ഭക്ഷണ മുറി, വൊക്കേഷണൽ പരിശീലന മുറി, അടുക്കള, വിനോദ മുറി/സ്ഥലം എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കെട്ടിടത്തിൽ റാംപ്, റയിൽ സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. റാംപ് നിർമ്മിക്കുവാനായി അധിക സ്ഥലം ലഭ്യമല്ലാത്തയിടങ്ങളിൽ ലിഫ്റ്റ് സൗകര്യം ഒരുക്കുന്നതിനുള്ള പ്രത്യേക അനുമതി വാങ്ങി നിർമ്മിക്കാവുന്നതാണ്.
2. നിലവിൽ പ്രവർത്തിച്ചുവരുന്ന ബഡ്സ്/ബിആർസി എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ലായെങ്കിൽ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരമാവധി 2 വർഷത്തേയ്ക്ക് താല്കാലികമായി അംഗീകാരം നൽകുന്നതാണ്. ബഡ്സ് സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പും, ബിആർസികൾക്ക് സാമൂഹ്യനീതി വകുപ്പുമാണ് അംഗീകാരം നല്കേണ്ടത്.
3. രണ്ടുവർഷത്തിനുശേഷവും മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ലായെന്ന് ബോധ്യമാകുന്ന പക്ഷം വകുപ്പുകൾക്ക് അംഗീകാരം റദ്ദാക്കാവുന്നതാണ്. രണ്ട് വർഷം പൂർത്തിയാകുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥിര അംഗീകാരത്തിനായി അപേക്ഷ ബന്ധപ്പെട്ട വകുപ്പിന് നല്കേണ്ടതാണ്. അല്ലാത്തപക്ഷം താല്കാലിക അംഗീകാരം സ്വയം റദ്ദാകുന്നതായിരിക്കും.

4. ബഡ്സ് സ്കൂൾ/ബിആർസികളിൽ അധ്യാപക വിദ്യാർത്ഥി അനുപാതം 1 : 8 എന്ന നിലയിൽ ക്രമീകരിക്കേണ്ടതാണ്. ആയ-വിദ്യാർത്ഥി അനുപാതം 1 : 15 എന്ന നിലയിലും ക്രമീകരിക്കേണ്ടതാണ്. ഒരു സ്ഥാപനം ആരംഭിക്കുന്നതിന് കുറഞ്ഞത് 2 അധ്യാപകർ (നിർദ്ദിഷ്ട യോഗ്യതയുള്ളവർ) നിർബന്ധമായും ഉണ്ടായിരിക്കണം.
5. വളരെ തീവ്രമായ വൈകല്യം (ഓട്ടിസം/സെറിബ്രൽ പാൾസി) ഉള്ള കുട്ടികൾ ഉണ്ടെങ്കിൽ പ്രത്യേക പഠന മുറികൾ ലഭ്യമാക്കേണ്ടതാണ്. അധ്യാപക വിദ്യാർത്ഥി അനുപാതം 1 : 2 എന്ന നിലയിലും ക്രമീകരിക്കേണ്ടതാണ്.
6. ബഡ്സ് സ്കൂൾ/ബിആർസികളിലെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും, പ്രവർത്തനങ്ങൾ കാര്യക്ഷമമാണെന്ന് വിലയിരുത്തുന്നതിനും കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ/ചുമതലയുള്ള അസി. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഓരോ രണ്ട് മാസത്തിലൊരിക്കലെങ്കിലും സ്ഥാപനം സന്ദർശിക്കേണ്ടതും റിപ്പോർട്ട് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നല്കേണ്ടതുമാണ്.
7. ബിആർസി വർക്കർ എന്നത് ബിആർസി അധ്യാപിക/അധ്യാപകൻ എന്ന് പുനർനാമകരണം ചെയ്യുന്നു.
8. ബഡ്സ്/ബിആർസി അധ്യാപകർക്ക് നിശ്ചിത യോഗ്യതയുള്ള പക്ഷം(യോഗ്യതകൾ : D.Ed. Special (Autism Spectrum Disorder), Diploma in Early Childhood Special Education (DECSE) (Mental Retardation): D.Ed Special Education (Cerebral Palsy): D.Ed Special Education (Hearing Impairment); D.Ed Special Education (Visual Impairment), Diploma in Community Based Rehabilitation; Diploma in Vocation Rehabilitation) ജി.ഒ.(പി)നം.56/2017/ധന തീയതി 28/04/2017 ഉത്തരവിൽ അനുബന്ധത്തിൽ കാറ്റഗറി 9 ൽ പറയുന്ന അസി. ടീച്ചർ വിത് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾ ഫോർ ദി ഹാൻഡികാപ്പ്ഡ് വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയായ 30,675/- രൂപ (മുപ്പതിനായിരത്തി അറുനൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) നിരക്കിൽ ശമ്പളം അനുവദിക്കാവുന്നതാണ്.
9. ബഡ്സ്/ബിആർസി അധ്യാപകർക്ക് നിശ്ചിത യോഗ്യത ഇല്ലാത്ത പക്ഷം ജി.ഒ.(പി)നം.56/2017/ധന തീയതി 28.04.2017 ഉത്തരവിൽ അനുബന്ധത്തിൽ കാറ്റഗറി 5 ൽ പറയുന്ന അസി. ടീച്ചർ വിത്തൗട്ട് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾ ഫോർ ദി ഹാൻഡികാപ്പ്ഡ് വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയായ 23,100/- രൂപ (ഇരുപത്തി മൂവായിരത്തി ഒരുനൂറ് രൂപ മാത്രം) നിരക്കിൽ ശമ്പളം അനുവദിക്കാവുന്നതാണ്.
10. ആയമാർക്ക് ഇതേ ഉത്തരവിലെ അനുബന്ധത്തിൽ കാറ്റഗറി 1 ൽ ആയ വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയായ 17,325/- രൂപ (പതിനേഴായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) നിരക്കിൽ ശമ്പളം അനുവദിക്കാവുന്നതാണ്.
11. നിലവിൽ പ്രവർത്തിക്കുന്നതും 2 വർഷത്തിനുമുകളിൽ പ്രവർത്തിപരിചയവുമുള്ള അധ്യാപകരെ/ആയമാരെ വ്യക്തമായ കാരണങ്ങൾ ഇല്ലാതെ പിരിച്ച് വിടുവാൻ പാടുള്ളതല്ല.
12. തെറാപ്പിസ്റ്റ്, ട്രെയിനർ, ഡോക്ടർ മുതലായവർക്കുള്ള ദിനബത്ത നിലവിലെ സർക്കാർ നിരക്കുകൾക്ക് അനുസരിച്ച് നല്കേണ്ടതാണ്.
13. വർഷാവർഷം ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ബഡ്സ്/ബിആർസി പ്രവർത്തകർക്കും ബാധകമായിരിക്കും.
14. ബഡ്സ്/ബിആർസി അധ്യാപകർക്കും ആയമാർക്കും ബാധകമായ അവധികൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| എ. ആകസ്മിക അവധി | - | 12 ദിവസം |
| ബി. മധ്യവേനൽ അവധി | - | 15 ദിവസം (റൊട്ടേഷൻ വ്യവസ്ഥയിൽ) |
| സി. മെറ്റേണിറ്റി ലീവ് | - | സർക്കാർ ഉത്തരവുകൾ പ്രകാരമുള്ളത് |

15. ബഡ്സ്/ബിആർസി കളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, മറ്റ് ഫോമുകൾ എന്നിവ കുടുംബശ്രീ യൂണിറ്റുകളിൽ പ്രിന്റ് ചെയ്ത് കുടുംബശ്രീ വിതരണം ചെയ്യുന്നതാണ്. രജിസ്റ്ററുകൾ കമ്പ്യൂട്ടർവത്കരിക്കുന്നതുവരെ രേഖകൾ കൃത്യമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

16. തനത് ഫണ്ട് കുറഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബഡ്സ്/ബിആർസി എന്നിവ നടത്തുന്നതിനുള്ള തുക മറ്റ് സ്രോതസ്സുകളിൽ നിന്നും (ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, എം.പി., എം.എൽ.എ. ഫണ്ട്, സ്പോൺസർഷിപ്പ്) കണ്ടെത്തേണ്ടതാണ്.
17. ബഡ്സ്/ബിആർസി എന്നിവയുടെ ഗുണനിലവാര ക്രമീകരണ ചുമതല ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്കും, ധനവിനിയോഗം, ധനശേഖരണം എന്നിവയ്ക്കുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കുടുംബശ്രീ ചാർജ്ജ് ഓഫീസർ (പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി, മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ മെമ്പർ സെക്രട്ടറി) ക്കും ആയിരിക്കും.
18. നിലവിലെ അധ്യാപകരെ കൂടാതെ പ്രത്യേക അധ്യാപകർ ആവശ്യമുള്ള ബഡ്സ്/ബിആർസി എന്നിവയിലേയ്ക്ക് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ (കുടുംബശ്രീ) തയ്യാറാക്കുന്ന അധ്യാപക ലിസ്റ്റിൽ നിന്നും മുൻഗണനാക്രമത്തിൽ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ നിയമനം നടത്തേണ്ടതാണ്. അധ്യാപകരുടെ ലീവ് തസ്തികകളിലേയ്ക്കും ഈ ലിസ്റ്റിൽ നിന്നും താല്ക്കാലിക നിയമനം നടത്താവുന്നതാണ്.
19. യോഗ്യരായവരിൽ (യോഗ്യതകൾ : D.Ed. Special (Autism Spectrum Disorder), Diploma in Early Childhood Special Education (DECSE) (Mental Retardation): D.Ed Special Education (Cerebral Palsy): D.Ed Special Education (Hearing Impairment); D.Ed Special Education (Visual Impairment), Diploma in Community Based Rehabilitation; Diploma in Vocation Rehabilitation) നിന്നും അപേക്ഷ ക്ഷണിച്ച് ജില്ലാതലത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ മേൽനോട്ടത്തിൽ പരീക്ഷ/അഭിമുഖം നടത്തി ഒരു അധ്യാപക ലിസ്റ്റ് അതാത് കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർമാർ സൂക്ഷിക്കേണ്ടതാണ്.
20. ഒരു ലിസ്റ്റിന്റെ ആകെ കാലാവധി പരമാവധി 3 വർഷം ആയിരിക്കും. ആയതിന് ശേഷം വീണ്ടും കുടുംബശ്രീ അധ്യാപക ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.
21. പരാമർശം 2, 3 ഉത്തരവുകൾ, ടി ഉത്തരവുകളിലെ മറ്റ് വ്യവസ്ഥകൾ നിലനിൽക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്
ഗവ. സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എല്ലാ കുടുംബശ്രീ ഡിസ്ട്രിക്ട് മിഷൻ കോ-ഓർഡിനേറ്റർമാർക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖാന്തിരം)
എല്ലാ സിഡിഎസ്/എഡിഎസ്സുകൾക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് ആന്റ് ന്യൂ മീഡിയ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള ആഡിറ്റ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

115 1

അനുബന്ധം-1

കേരളസർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- എസ്റ്റാ - പതിനൊന്നാം പദ്ധതി മാർഗ്ഗ രേഖ- ബഡ്സ് സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ രേഖ അംഗീകരിച്ചുകൊണ്ടും ജില്ലാ തല ഉപദേശക സമിതി രൂപീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

---

തദ്ദേശ സ്വയം ഭരണ (ഐഎ)വകുപ്പ്.

സ.ഉ.(എം.എസ്) നം.148/09/തസ്വഭവ    തീയതി, തിരുവനന്തപുരം 29/7/2009.

പരാമർശം.
1. സ.ഉ (എം.എസ്) നം.183/07/തസ്വഭവ തീയതി.24/7/2007.
2. സ.ഉ (എം.എസ്) നം.73/08/തസ്വഭവ തീയതി.13/3/2008.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15/4/2009 ലെ കെ.എസ്എൽ-7384 -2008 നമ്പരിലുള്ള കത്ത്.

## ഉത്തരവ്

മേൽ ഒന്നാം പരാമർശിത ഉത്തരവ് പ്രകാരം പഞ്ചായത്തുകൾക്ക് "ബഡ്സ്" സ്പെഷ്യൽ സ്കൂൾ മാതൃകയിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക സ്കൂളുകൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്തുന്നതിന് അനുമതി നല്കിയിരുന്നു. പല പഞ്ചായത്തുകളും പരിശീലനം സിദ്ധിച്ച അദ്ധ്യാപകരില്ലാതെയും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാതെയും ബാലവാടി മാതൃകയിൽ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ നടപടി ബഡ്സ് സ്കൂളുകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്കു വിരുദ്ധമാണ്. നിലവിൽ ബഡ്സ് സ്കൂളുകൾക്ക് കുറഞ്ഞ നിലവാരം നിശ്ചയിച്ചുകൊണ്ടുള്ള മാർഗ്ഗ രേഖയും ഇതു പാലിക്കുന്നുണ്ടോ എന്നു നിരീക്ഷിക്കുന്നതിനുള്ള ജില്ലാ തല ഉപദേശക സമിതിയുടെ അഭാവവും കാരണമാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

മേൽപറഞ്ഞ സാഹചര്യത്തിൽ ബഡ്സ് മാതൃകയിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പഞ്ചായത്തുകൾ നേരിട്ട് പ്രത്യേക വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും, മോണിറ്ററിംഗിനുമായി ജില്ലാ തല ബഡ്സ് സ്പെഷ്യൽ സ്കൂൾ ഉപദേശക സമിതി രൂപീകരിച്ച് ഉത്തരവു പുറപ്പെടുവിക്കണമെന്നും മേൽ പരാമർശിതകത്തിലൂടെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

ബഡ്സ് സ്കൂൾ നടത്തിപ്പിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കേണ്ട മാർഗ്ഗ രേഖയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം ബഡ്സ് മാതൃകയിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പഞ്ചായത്തുകൾ നേരിട്ട് പ്രത്യേക വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും, മോണിറ്ററിംഗിനുമായി ചുവടെ ചേർക്കുന്ന അംഗങ്ങളുൾപ്പെടുത്തി ജില്ലാ തല ബഡ്സ് സ്പെഷ്യൽ സ്കൂൾ ഉപദേശക സമിതി രൂപീകരിച്ചുകൊണ്ടും ബഡ്സ് സ്കൂൾ നടത്തിപ്പിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗ രേഖ അംഗീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് - ചെയർപേഴ്സൺ
ജില്ലാ തല കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ - കൺവീനർ
ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ - അംഗം
സർക്കാരിന്റെ നോമിനി (കമ്മ്യൂണിറ്റി വികസന വകുപ്പ്, മെഡിക്കൽ കോളേജ്) -അംഗം
ജില്ലാ പ്ലാനിംഗ് ഓഫീസർ - അംഗം
ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ - അംഗം
ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് - അംഗം
ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് - അംഗം
ബ്ലോക്ക് / ഗ്രാമ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ - അംഗം

ജില്ലാ പ്രോജക്ട് ആഫീസർ എസ്.എസ്.എ., ജില്ലാ പഞ്ചായത്തിലെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും, ബഡ്സ് സ്കൂൾ നടത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ പ്രതിനിധികൾ എന്നിവർ യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളായി പങ്കെടുക്കേണ്ടതാണ്.

3. പ്രസ്തുത ഉപദേശക സമിതി പുതിയ ബഡ്സ് സ്കൂൾ മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് അംഗീകരിക്കുന്നതു കൂടാതെ താഴെപറയുന്ന ചുമതലകൾ കൂടി നിർവ്വഹിക്കുന്നതാണ്.

a. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വികലാംഗർക്കായുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുക, വിലയിരുത്തുക, ലഭ്യമാക്കാവുന്ന സർക്കാർ സേവനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുക.

b. ബഡ്സ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുക.

c. വിദഗ്ദ്ധ സഹായം ലഭ്യമാക്കുന്നതിനുള്ള സഹായങ്ങൾ ചെയ്യുക.

d. മൂന്നു മാസത്തിലൊരിക്കൽ യോഗം ചേർന്ന് പുരോഗതി അവലോകനം ചെയ്യുക.

4. അത്യാവശ്യ സന്ദർഭങ്ങളിൽ ഉപദേശക സമിതിയുടെ ചെയർമാന് വർക്കിംഗ് കമ്മിറ്റി/സബ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ത്വരിതപ്പെടുത്താവുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡി.മോഹനപ്രസാദ്
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.
എല്ലാ കുടുംബശ്രീ ഡിസ്ട്രിക്ട് മിഷൻ കോർഡിനേറ്റർ മാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം.)
എല്ലാ സിഡിഎസ്/എഡിഎസ്സുകൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം).

117

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ പാങ്ങപ്പാറ, തിരുവനന്തപുരം.
(തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ്
തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ

പകർപ്പ്:- തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.

അനുബന്ധം

## ബഡ്സ് സ്കൂൾ മാർഗ്ഗ രേഖ

ബഡ്സ് മാതൃകയിൽ മാനസീക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക വിദ്യാലയങ്ങളും-ക്ഷേമ സ്ഥാപനങ്ങളും ആരംഭിക്കുന്നത് ജി.ഒ (എം.എസ്) നം. 183/07/തസ്വഭവ തീയതി 24-7-2007 പ്രകാരം സർക്കാർ അനുവാദം നല്കിയിട്ടുണ്ട്. ഇതിൻ പ്രകാരം പഞ്ചായത്തുകൾക്ക് കുടുംബശ്രീയുടെ സഹായത്തോടെ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി ബഡ്സ് മാതൃകയിൽ പ്രത്യേക വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് പ്ലാൻ ഫണ്ടിൽ നിന്നും ഹോണറേറിയം നല്കുന്നതിന് അംഗീകാരവും നല്കിയിരുന്നു. കുടുംബശ്രീയുടെ ശ്രമഫലമായി ഇതിനകം 9 സ്കൂളുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഇതു കൂടാതെ ബ്ലോക്ക് പഞ്ചായത്തു പ്രദേശത്തും മിനിമം നിലവാരം പോലും പാലിക്കാതെ അടിസ്ഥാന സൗകര്യങ്ങളും പിരശീലനം സിദ്ധിച്ച അദ്ധ്യാപികമാരും ഇല്ലാതെ ഒന്നിലധികം ബഡ്സ് സ്കൂളുകൾ തുടങ്ങിയിട്ടുമുണ്ട്. ഈ സ്ഥാപനങ്ങളിൽ അധികവും ഏകാദ്ധ്യാപക സ്കൂളിന് സമാനമായിട്ടാണ് ആരംഭിച്ചിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങളില്ലാതെ ഇപ്രകാരം സ്പെഷ്യൽ സ്കൂളുകൾ ആരംഭിച്ചാൽ ഇവയ്ക്ക് അംഗീകാരം ലഭിക്കാൻ ബുദ്ധിമുട്ടാകുമെന്നു മാത്രമല്ല, ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിപരീതമാവുകയും ചെയ്യും. ആയതുകൊണ്ട് മേലിൽ ബഡ്സ് സ്കൂൾ (പ്രത്യേക വിദ്യാലയങ്ങൾ), ആരംഭിക്കുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ടതാണ്. ഈ നിബന്ധനകൾ പാലിക്കാതെ ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും ഹോണറേറിയം നല്കുവാൻ പാടില്ലാത്തതാകുന്നു. എന്നാൽ 2008-09 വർഷം ഡി.പി.സി അംഗീകാരത്തോടെ പ്ലാൻ ഫണ്ട് തുക ഉപയുക്തമാക്കി ആരംഭിക്കുകയോ തുടരുകയോ ചെയ്തിട്ടുള്ള സ്ഥാപനങ്ങളെ ഈ നിബന്ധനകളിൽ നിന്നും സാങ്കേതിക കാരണങ്ങളാൽ ഒഴിവാക്കിയിരിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളും നിശ്ചിത കാലയളവിനുള്ളിൽ നിലവാരം മെച്ചപ്പെടുത്തേണ്ടതാണ്.

### നിബന്ധനകൾ

1) സ്ഥാപനം കുട്ടികൾക്ക് എത്തിച്ചേരാൻ കഴിയുന്ന യാത്ര സൗകര്യമുള്ളതും, ഭൗതീക അപകട സാധ്യത ഒഴിവായ സ്ഥലത്തും ആയിരിക്കണം. ലൊക്കേഷൻ ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പാർക്കുന്നവർക്ക് സൗകര്യ പ്രദമാകണം.

2) സ്ഥാപനത്തിന് 15 സെന്റിൽ കുറയാതെ സ്വന്തം ഭൂമിയോ, പൊതു സ്ഥലമോ ലഭ്യമായിരിക്കണം.

3) 25-50 കുട്ടികൾക്കായി കുട്ടി ഒന്നിന് 40 സ്ക്വയർ ഫീറ്റ് എന്നതോതിൽ കെട്ടിട സൗകര്യമുണ്ടായിരിക്കണം. 25 കുട്ടികളെങ്കിലും ഇല്ലാതെ (5-21 വരെ) സ്കൂൾ ആരംഭിക്കുവാൻ പാടില്ല.

4) സ്കൂൾ കെട്ടിടത്തിൽ കുറഞ്ഞത് 5 ക്ലാസ് മുറികളും (പൊതുഹാൾ തട്ടികവച്ച് മറച്ചതുൾപ്പെടെ) ഓഫീസ്, സ്റ്റാഫ്, റിക്രിയേഷൻ, സ്റ്റോർ, അടുക്കള, ഭക്ഷണശാല, തൊഴിൽ പരിശീലനം, തെറാപ്പി, പകൽ പരിപാലനം എന്നിവയ്ക്കും സ്ഥല സൗകര്യങ്ങൾ ഉള്ളതായിരിക്കണം.

5) കെട്ടിടം തടസവിവുക്തവും അപായ വിമുക്തവും ആയിരിക്കണം.

6) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി തിരിച്ച് ഏറ്റവും കുറഞ്ഞത് 4 ബാത്തുറൂമുകൾ ഉണ്ടായിരിക്കണം. ഒന്നു വീതം യൂറോപ്യൻ ക്ലോസറ്റ് ആയിരിക്കണം.

7) അടുക്കള, സ്റ്റോർ, ഭക്ഷണമുറി എന്നിവിടങ്ങൾ, പൊടി, പുക, നനവ്, അഴുക്ക് എന്നിവ ഇല്ലാത്തവിധം അടുക്കള ശുചിത്വം പാലിക്കുന്നവയായിരിക്കണം.

8) വൃത്തിയുള്ള തീൻമേശകളും, കുടിവെള്ളവും, കൈകഴുകാൻ സൗകര്യവും മാലിന്യ നിർമ്മാർജ്ജന സൗകര്യവും ഉണ്ടായിരിക്കണം.

9) ആവശ്യത്തിന് പഠനോപകരണങ്ങൾ, ഫർണീച്ചർ, തൊഴിൽ പരിശീലന ഉപാധികൾ, ഫിസിയോതെറാപ്പി ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയിരിക്കണം.

10) അംഗീകൃത പരിശീലനം സിദ്ധിച്ച (ആർസി.ഐ) മൂന്നു അദ്ധ്യാപകരും, 2 ആയമാരും, ഒരു പാചകക്കാരിയും സ്കൂളിൽ ഉണ്ടായിരിക്കണം. കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതിനുസരിച്ച് ജീവനക്കാരുടെ എണ്ണവും വർദ്ധിപ്പിക്കണം.

11) ഓരോ തരത്തിലുള്ള വൈകല്യം ബാധിച്ച കുട്ടികൾക്കും ഓരോരുത്തർക്കും അനുയോജ്യമായ തരത്തിലുള്ള ഫർണിച്ചറുകൾ ലഭ്യമാക്കണം.

12) മുതിർന്ന / പ്രായപൂർത്തിയായ കുട്ടികൾക്കായി തൊഴിലധിഷ്ഠിത പരിശീലനപരിപാടികൾ സംഘടിപ്പിക്കണം.

13) ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികളുടെ അമ്മമാർക്കും സ്കൂൾ പ്രവർത്തിസമയം സ്കൂളിൽ കുട്ടിയോടൊപ്പം ചിലവഴിക്കാൻ സൗകര്യമൊരുക്കണം.

14) ഫിസിയോതെറാപ്പിസ്റ്റ്, സ്പ്പീച്ച് തെറാപ്പിസ്റ്റ്, മെഡിക്കൽ ഓഫീസർ, സോഷ്യൽ വർക്കർ എന്നിവരുടെ സന്ദർശനം കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമുണ്ടായിരിക്കണം. കൗൺസിലിങ്ങിനുള്ള സംവിധാനവും ഏർപ്പെടുത്തണം

15) കുട്ടികൾക്ക് യാത്ര സൗകര്യം ലഭ്യമാക്കണം.

16) രക്ഷകർതൃയോഗം മാസത്തിലൊരിക്കലെങ്കിലും ചേരേണ്ടതാണ്

17) പ്ലാൻ ഫണ്ടിൽ നിന്നും സ്കൂൾ ചെലവുകൾ നിർവ്വഹിക്കുന്നത് പരമാവധി കുറച്ച് ധനസമാഹരണ സാധ്യതകൾ കണ്ടെത്തി വിഭവ സമാഹരണം നടത്തുവാൻ പരിശ്രമിക്കേണ്ടതാണ്.

18) തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വൈകല്യബാധിത കുട്ടികളെയും വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് പരിഗണിക്കണം കൂടാതെ സ്റ്റേറ്റ് കമ്മീഷൻ ഫോർ പീപ്പിൾ വിത്ത് ഡിസ് എബിലിറ്റീസുമായി ബന്ധപ്പെട്ട് ഒരു സ്പെഷ്യൽ സർവ്വേ നടത്തേണ്ടതാണ്

19) സ്കൂൾ ആരംഭിക്കുന്നതിനു മുമ്പ്, ത്രിതല പഞ്ചായത്തുകൾക്ക് ബോധ്യപെടും വിധം സാധ്യതാ പഠനം നടത്തുന്നത് അഭികാമ്യമായിരിക്കും. (ഐ.സി.ഡി.എസ്. കുടുംബ സർവ്വേ രേഖ).

20) ചെറിയ ബ്ലോക്കുകളിൽ ഒന്നും വലിയ ബ്ലോക്ക് പ്രദേശത്ത് ഒന്നിലധികവും ബഡ്സ് സ്കൂൾ സ്ഥാപിക്കാവുന്നതാണ്. സ്വകാര്യ/സന്നദ്ധ സ്ഥാപനങ്ങൾ തൃപ്തികരമായി പ്രവർത്തിക്കുന്ന പഞ്ചായത്തുകളിൽ പുതിയ ബഡ്സ് സ്കൂൾ ആരംഭിക്കേണ്ടതില്ല. എന്നാൽ പ്ലാൻ ഫണ്ട് നിബന്ധനകൾക്കു വിധേയമായി പകൽ പരിപാലന കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. ഈ

സ്ഥാപനങ്ങൾക്ക് സാമൂഹ്യ ക്ഷേമ വകുപ്പു മുഖേന വികലാംഗ ജന നിയമ പ്രകാരമുള്ള അംഗീകാരം വാങ്ങേണ്ടതാണ്.

21) ത്രിതല പഞ്ചായത്ത് കൂടിയാലോചന നടത്തി സംയോജന സാധ്യത ഉറപ്പാക്കി കുറഞ്ഞ സൗകര്യങ്ങളും മനുഷ്യ വിഭവശേഷിയും ലഭ്യമാക്കി മാത്രമേ മേലിൽ പുതിയ സ്പെഷ്യൽ സ്കൂൾ ആരംഭിക്കാവൂ. (2009-10 മുതൽ)

22) 1995-ലെ വികലാംഗ ജന നിയമമനുസരിച്ച് സ്പെഷ്യൽ സ്കൂൾ നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം പ്രവർത്തനം ആരംഭിച്ച് താമസം കൂടാതെ വാങ്ങേണ്ടതാണ്.

23) ബഡ്സ് മാതൃകയിലുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു മുമ്പ്, ജില്ലാ തല ബഡ്സ് സ്പെഷ്യൽ സ്കൂൾ ഉപദേശക സമിതിയുടെ അനുമതി വാങ്ങേണ്ടതാണ്.

സ്കൂൾ ആരംഭിക്കുന്നതിനുള്ള ശുപാർശമാത്രമാണ് ഉപദേശക സമിതി നല്കുന്നത്. സ്കൂളുകൾക്ക് പ്രവർത്തനം ആരംഭിച്ച ശേഷം വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിർബന്ധമായും അംഗീകാരം വാങ്ങേണ്ടതാണ്. സ്കൂൾ ആരംഭിക്കുന്നതിന് സാധ്യതാ പഠനം നടത്തിയ റിപ്പോർട്ടും ത്രിതല പഞ്ചായത്ത് കൂടിയാലോചനയുടെ വിവരങ്ങളും ചേർത്ത് സ്കൂൾ ആരംഭിക്കുന്നതിനുള്ള വിവരണാത്മകമായ ലഘു പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം ഉപദേശക സമിതി ചെയർമാനും കൺവീനർക്കും സമർപ്പിക്കേണ്ടതാണ്. ശുപാർശ നല്കുന്നതിന് ചെയർമാൻ മുൻകൈയെടുക്കേണ്ടതാണ്. സ്ഥാപനങ്ങൾ നടത്തുന്ന എല്ലാ തദ്ദേശ സ്ഥാപനങ്ങളും (സ്കൂൾ പ്രധാനാധ്യാപിക തയ്യാറാക്കിയത്) മൂന്നുമാസത്തിലൊരിക്കൽ പുരോഗതി റിപ്പോർട്ട് കൺവീനർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ചെയർമാന്റെ നിർദ്ദേശാനുസരണം കൺവീനർ മീറ്റിംഗുകൾ വിളിച്ചു ചേർക്കുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യേണ്ടതാണ്.

ജില്ലയിലെ എം.പിമാർ, എം.എൽ.എമാർ എന്നിവരെ പ്രത്യേക ക്ഷണിതാക്കളായി ക്ഷണിക്കാവുന്നതും അവരുടെ നിർദ്ദേശങ്ങളും സഹകരണവും ഉറപ്പാക്കേണ്ടതുമാണ്.